പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1573

11-2-13 ൽ
മറു പടിക്ക്

ദൃശ്യമാധ്യമങ്ങളിൽ പുകവലി, മദ്യപാനം, എന്നിവയെ മഹത്വൽക്കരിക്കുന്നത്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന്<br>ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. കെ.സി. ജോസഫ്<br>( ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പുമന്ത്രി) |
| എ) ദൃശ്യമാധ്യമങ്ങളിൽ പുകവലി, മദ്യപാനം, എന്നിവയെ മഹത്വൽക്കരിക്കുന്ന തരത്തിലോ പ്രേക്ഷകരെ സ്വാധീനിക്കുന്ന തരത്തിലോ ഉള്ള രംഗങ്ങൾ പ്രദർശിപ്പിക്കുന്നതിന് വിലക്കുകളോ നിയന്ത്രണമോ നിലവിലുണ്ടോ; എങ്കിൽ ആയത് പരിശോധിക്കുവാനും നടപടി സ്വീകരിക്കുവാനും നിലവിലുള്ള സംവിധാനങ്ങൾ വിശദമാക്കുമോ; | എ) ഉണ്ട്. 1995 ലെ കേബിൾ ടെലിവിഷൻ നെറ്റ് വർക്ക് (റെഗുലേഷൻ) ആക്ട് പ്രകാരം ഇത്തരം പരാതികൾ പരിശോധിക്കാൻ സംസ്ഥാന തലത്തിലും ജില്ലാ തലങ്ങളിലും സമിതികൾ ഉണ്ട്. ജില്ലാ കളക്ടറുടെ നിയന്ത്രണത്തിലാണ് ജില്ലാതല സമിതികൾ. ഈ സമിതികളുടെ കാലാവധി അവസാനിച്ചതിനാൽ ടി സമിതികൾ പുന:സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| ബി) മദ്യപാനം പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ മദ്യപാന രംഗങ്ങൾ ഉൾക്കൊള്ളിച്ച പരിപാടികൾ ദൃശ്യമാധ്യമങ്ങൾ പ്രക്ഷേപണം ചെയ്തുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനെതിരെ എന്ത് നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) 2011-12 വർഷത്തിൽ ആയതിന് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | സി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ